**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ സുജിത ആർ ദാസ്, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. DMOH-TSR/2376/2024-A6 തീയതി. 16.03.2024

2.. കാരണം കാണിക്കൽ നോട്ടീസ് നം DHS/14248/2024-EA4 തീയതി 04.07.2024

3. GE 05/H/S85-158/837 തീയതി 23.09.2025

4. ഡോ സുജിത ആർ ദാസ് സമർപ്പിച്ച അപേക്ഷ തീയതി 05.07.2024, 05.08.2024.

5. നം. എം2-268/2024-ഹെൽത്ത് തീയതി 27.05.2024

**ഉത്തരവ് നം. DHS/14248/2024-EA4 തീയതി.12-12-2025**

ഡോ സുജിത ആർ ദാസ് (Dr Sujitha R Das, PEN 893085), 04.07.2020 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. തൃശ്ശൂർ കൊരട്ടി ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ 15.02.2024 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. ഡോ സുജിത ആർ

ദാസ് തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിനായി പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചു.

(2) ഡോ സുജിത ആർ ദാസ്, അസിസ്റ്റന്റ് സർജൻ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന ജീവനക്കാർ 06.06.2024 ന് മുൻപ് സർവ്വീസിൽ തിരികെ പ്രവേശിക്കുവാനുള്ള സന്നദ്ധത അറയിക്കണമെന്ന് പരാമർശം (5) പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. നിർദ്ധിഷ്ട സമയ പരിധി കഴിഞ്ഞാണ് തനിക്ക് സുഖമില്ലാതിരുന്നുവെന്നും തിരികെ പ്രവേശിപ്പിക്കണമെന്നും കാണിച്ച് ടിയാൾ അപേക്ഷ സമർപ്പിച്ചത്. ആയതിനാൽ പരാമർശം (5) ലെ അപേക്ഷകൾ തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയുകയില്ല. ടി സാഹചര്യത്തിൽ 15.02.2024 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ സുജിത ആർ ദാസ് അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ സുജിത ആർ ദാസ് അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 12-12-2025 13:06:22

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Sujitha R Das,**

**Souparnika, Near Karthiyayani Temple,**

**Ayyanthole, Thrissur-680003**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
   തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

തൃശ്ശൂർ .

3. സൂപ്രണ്ട്,

ജി ജി എച്ച് ഡി കൊരട്ടി, തൃശ്ശൂർ.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ